# നാടാർ
വിവാഹാലോചനകൾക്ക്
nadarkalyanam.in
ഇന്നു തന്നെ ഓൺലൈനിൽ
രജിസ്റ്റർ ചെയ്യുക





# സൃഷ്ടി
കുടുംബമാസിക
dinakairali tv (Utube) 2021 ഒക്ടോബർ www.kamarajvidyajyothi.com
E-mail : nadarwelfare@gmail.com | Website : www.ayyavaikundar.org
നാടാർ സമുദായത്തിന്റെ മുഖപത്രം | നാടാർ കുടുംബക്ഷേമസമിതി അംഗങ്ങൾക്കുള്ള പഠനസഹായി


# കാമരാജർ ഓർമ്മനാളിൽ പുതിയ ചിത്രത്തിന് തുടക്കം

ഏഴൈതോഴൻ കെ. കാമരാജ് ഓർമ്മയായിട്ട് നാല്പത്തിയാറ് വർഷങ്ങൾ. നാടിന്റെ നാനാഭാഗത്തും ആചരണങ്ങൾ നടന്നു. കാമരാജ് അന്ത്യവിശ്രമം കൊള്ളുന്ന ഗുയിന്റിയിൽ പതിനായിരങ്ങൾ പുഷ്പാർച്ചന നടത്തി. മുൻ വർഷങ്ങളെ അമ്പരിപ്പിക്കുന്ന ജനക്കൂട്ടമുണ്ടായി. പങ്കെടുത്തവരെല്ലാം പടുകൂറ്റൻ പുഷ്പഹാരങ്ങൾ സമർപ്പിച്ചത് ഈ വർഷത്തെ പ്രത്യേകതയാണ്.

ചെന്നൈ റ്റി നഗറിൽ കാമരാജ് ചലച്ചിത്രത്തിന്റെ രണ്ടാം ഭാഗ നിർമ്മാണത്തിന് തുടക്കമായി. കാമരാജ് രാജ്യത്തിനു നൽകിയ മാതൃകാപരമായ പ്രവർത്തനങ്ങളെ പുതിയ തലമുറ എങ്ങനെ വീക്ഷിക്കുന്നു എന്നതാണ് കഥാവിഷയം. ഇതു സംബന്ധമായി നാല് ഗവേഷണവിദ്യാർത്ഥികൾ ഒരു സർവെ നടത്തുന്നതിനായി ടെമ്പോട്രാവലറിൽ യാത്ര ചെയ്യുന്നു. പെരുംതലൈവറുടെ സഹായിയായിരുന്ന വൈരവൻ ഈ വാഹനത്തിൽ കയറുകയും അദ്ദേഹത്തിന്റെ അനുഭവസാക്ഷ്യങ്ങൾ പറയുകയും ചെയ്യുന്നു.



ഈ രണ്ടാം ഭാഗത്തിന്റെ നിർമ്മാണവും സംവിധാനവും എ. ബാലകൃഷ്ണൻ തന്നെയാണ് നിർവ്വഹിക്കുന്നത്. സ്വിച്ച് ഓൺ കർമ്മം കാമരാജിന്റെ വിശ്വസ്ത ശിഷ്യൻമാരിൽ ഒരാളായ കറുപ്പയ്യ മൂപ്പനാരുടെ മകനും മുൻ കേന്ദ്രമന്ത്രിയുമായ ജി.കെ. വാസൻ നിർവ്വഹിച്ചു.

# നാടാർ സംഘത്തിന്റെ 55-ാം മഹാസഭാ സമ്മേളനം




തിരുനെൽവേലി ദക്ഷിണ മാര നാടാർ സംഘത്തിന്റെ അൻപത്തഞ്ചാം മഹാസഭ സമ്മേളനം തെക്ക് കല്ലിക്കുളം കോളേജിലെ പി.എസ്.രാജ പലവേശമുത്തു നാടാർ ആഡിറ്റോറിയത്തിൽ നടന്നു. ജസ്റ്റിസ് എസ്.കെ. കൃഷ്ണൻ, പി.ദാമോദരൻ എന്നിവർ മുഖ്യാഥിതികളായി പങ്കെടുത്തു. പ്രസിഡന്റ് ആർ.കെ. കാളിദാസൻ നാടാർ അദ്ധ്യക്ഷത വഹിച്ചു.

ഡയറക്ടർ ബോർഡ്, എക്സിക്യൂട്ടീവ് കമ്മിറ്റി, പുതിയ ഭാരവാഹികൾ എന്നിവരെ സമ്മേളനം തെരഞ്ഞെടുത്തു. വനിതാസംഘം ഭാരവാഹികളേയും സംഘത്തിന്റെ വിവിധ സബ്കമ്മിറ്റികളേയും തെരഞ്ഞെടുത്തു. സംഘം പുതിയ ഭാരവാഹികളായി ആർ.കെ. കാളിദാസൻ നാടാർ (പ്രസിഡന്റ്), ആർ. ഷൺമുഖവേൽ നാടാർ (ജനറൽ സെക്രട്ടറി), എ. സെൽവരാജ് നാടാർ (ട്രഷറർ), റ്റി. മുരുകേശ പാണ്ഡ്യൻ (വൈസ് പ്രസിഡന്റ്), ജെ. രത്നരാജ് നാടാർ (ജോയിന്റ് സെക്രട്ടറി) എന്നിവരെയാണ് തെരഞ്ഞെടുത്തത്.

## കെഎൻഎംഎസ് നേതാക്കൾ മന്ത്രിമാരെ സന്ദർശിച്ചു

നാടാർ സമുദായം തിങ്ങിപ്പാർക്കുന്ന വിവിധ സ്ഥലങ്ങളിലേക്ക് ബസ് സർവ്വീസുകൾ ആരംഭിക്കണമെന്നാവശ്യപ്പെട്ട് ഗതാഗത വകുപ്പുമന്ത്രി അഡ്വ. ആന്റണി രാജുവിനെയും നാടാർ സമുദായത്തിന് മത പരിഗണന കൂടാതെയുള്ള ഏകീകൃത സംവരണം നടപ്പാക്കണമെന്നാവശ്യപ്പെട്ട് പിന്നാക്ക വിഭാഗക്ഷേമ വകുപ്പു മന്ത്രി കെ. രാധാകൃഷ്ണനേയും സന്ദർശിച്ച് കെഎൻഎംഎസ് നേതാക്കൾ നിവേദനം നൽകി. അധിക സംവരണം ആസ്വദിക്കുന്ന വിഭാഗങ്ങളിൽ നിന്നും സംവരണതോത് വെട്ടിക്കുറച്ച് നാടാർ സംവരണതോത് ഉയർത്തി നൽകണമെന്ന് നിവേദനത്തിൽ ആവശ്യപ്പെട്ടു. സംസ്ഥാന സെക്രട്ടറി സി. സ്വയംഭൂ, ഡയറക്ടർമാരായ മാവിള രാജേന്ദ്രൻ, രാജൻ ബാബു പാമാംകോട്, എ.എസ്. ഷെൽട്ടൺ ജോർജ്ജ് എന്നിവരാണ് നിവേദക സംഘത്തിലുണ്ടായിരുന്നത്.

# *The month that was......*

**Modi visits US:** Indian Prime Minister Narendra Modi visited United States on September 22nd for a 3 day visit. He had meeting with the US President Joe Biden and the Vice President Kamala Harris. Besides he participated in the QUAD meet. He also addressed at the UN General Assembly. He put across strongly and frankly global issues and also India's views over threats like terrorism to expansionism. During 65 hours he spent in the country, he attended 20 meetings.





**Bye Election in Bengal:** The bye election was conducted on September 30th. West Bengal Chief Minister Mamata Banerjee, is contesting the bypoll from Bhabanipur Assembly constituency to retain her chair. 35 companies of central forces have been deployed across the constituency. The voter turnout at the Bhabanipur constituency was less than 55 %. The constituency, which has twice elected Mamata and is considered her home, has pitted the Trinamool Congress supremo against two young faces - BJP's Priyanka Tibrewal and the CPM's Srijib Biswas. However, the polling, this time, assumes special significance as Banerjee is fighting to continue as the state CM, while the BJP is eyeing an encore of Nandigram where the Trinamool chief contested and lost to Suvendu Adhikari in the Assembly polls held earlier this year. In this Bye election Chief Minister Mamata Banerjee defeated the BJP Candidate with a thumbing majority - a big blow to BJP.



**Electric Vehicles:** Government of India allotted 26000 crores to encourage the efforts to increase Green Fuel Vehicles. The Company OLA is all set to produce 2 crores of Battery operated two wheelers in one year.

**Germany:** In the September 26th vote to decide the new Chancellor, Chancellor Angela Merkel's Christian Democratic Union (CDU) & Conservatives (CSU) combine is heading for the worst result since its formation in 1945. The Social Democrats appeared to make big gains compared to the last German election in 2017, but they weren't alone. The environmentalist Green Party also appeared to receive more votes than last time, but fell short of having its own shot at the chancellery. This election was the first in Germany's post-war history when an incumbent chancellor did not stand for re-election. Chancellor Merkel plans to step down once the next government is formed, but after an election as close as this one, that could take many months.



The Germans elected her to lead them, and she led 80 million Germans for 18 years with competence, skill, dedication and sincerity. She did not utter nonsense. She did not appear in the alleys of Berlin to be photographed. She was dubbed 'The Lady of the World' and who was described as the equivalent of six million men. During these eighteen years of her leadership of the authority in her Country, no transgressions were recorded against her. She did not assign any of her relatives to a government post. She did not claim that she was the maker of glories. She did not get millions in payment, nor did anyone cheer her performance, she did not receive charters and pledges, she did not fight those who preceded her. Merkel left the party leadership position and handed it over to those after her, and Germany and its German people are in the best condition ever. The reaction of the Germans was unprecedented in the history of the Country. The entire population went out to the balconies of their houses and clapped for her spontaneously for 6 continuous minutes - A standing ovation nationwide.



*Er. Jayakumar Thomas*

Germany stood as one body bidding farewell to their leader, a chemical physicist who was not tempted by the fashion or the lights and did not buy real estate, cars, yachts and private planes, knowing that she is from former East Germany. She left her post after leaving Germany at the top. She left and her relatives did not claim advantage. Eighteen years and she never changed her wardrobe. God be upon this silent leader. At a press conference, a female Journalist asked Merkel: We notice that you're wearing the same suit, don't you have any other?' She replied: 'I am a government employee and not a model.' At another press conference, they asked her: Do you have housemaids who clean your house, prepare your meals and so on? Her answer was: 'No, I do not have servants and I do not need them. My husband and I do this work at home every day. Then another journalist asked: Who is washing the clothes, you or your husband? Her answer: 'I arrange the clothes, and my husband is the one who operates the washing machine, and it is usually at night, because electricity is available and there is no pressure on it, and the most important thing is to take into the account the possible inconvenience for the neighbours, thankfully the wall separating our apartment from the neighbours is thick.' She said to them, 'I expected you to ask me about the successes and failures in our work in the government!'

Mrs. Merkel lives in a normal apartment like any other citizen. She lived in this apartment before being elected Chancellor of Germany. She did not leave it and does not own a villa, servants, pools or gardens. Merkel, the now former Chancellor of Germany, the largest economy in Europe!

**Bharat Bandh:** To commemorate the completion of one year of the agitation against the implementation of the 3 controversial Farm Laws, the farmers all over India, especially the North India organized a one day dawn to dusk bandh on September 27th. It affected the normal life all over India. It was a full hartal in Kerala also.

**Trivandrum:** As part of the 'Azadi Ka Amrit Mahotsav' celebrations to mark the 75th Anniversary of Indian Independence, the Trivandrum Corporation has begun adding colourful cycling tracks to some of the major roads in the city. The first of such tracks has now appeared on one side of the road along the Kawdiar Junction - Vellayambalam stretch. The cycling track is being planned as a loop from the Corporation Office to Vellayambalam to Kawdiar to Pattom to PMG and back to the Corporation Office - which is a 7 kilometre stretch and is a temporary arrangement as part of the Celebrations. Dedicated tracks will be provided in roads having enough space under Smart City Project.



# ഓലച്ചുവടികളിൽ നിന്നും കണ്ടെത്തിയത്

സമ്പാദകൻ : വി. നേശയ്യൻ നാടാർ



## അടുക്കുനിലെ പോതകം

അടിമുടിയും നടുവാനനിലൈയുമെങ്കെ?
അറുചുവൈയും കൊണ്ടളിന്തയിടവുമെങ്കെ ?
വടിവാന ഐന്തുതലൈ മാണിക്കമെങ്കെ?
വരൈയാന ഊമൈയെന്റ എളുത്തുമെങ്കെ?
ഇടമാകൈ ആടിനിന്റ പാതമെങ്കെ?
ഇച്ചൈയുടൻ പേശി നിന്റ എളുത്തുമെങ്കെ?
അടവാകൈയിപ്പൊരുളൈ അറിന്തുചൊൽവാർ തമ്മൈ
അടിതൊഴുതു കുരുവെന്റു നമ്പലാമേ
ചൽക്കുരുവും ചകനിതിയുമാന തെങ്കെ?
ചാകാതകാലെങ്കെ വേകാതതലൈയുമെങ്കെ?
മുപ്പൊരുളും ഒരു പൊരുളായി നിന്റതെങ്കേ?
മുനൈയെങ്കെ തലയെങ്കെ മുകവുമെങ്കെ?

നർക്കമലത്തായിരത്തെട്ടിതളുമെങ്കെ?
നാലുകൈയ്യ് ഒരു പാതമാനതെങ്കെ?
ഇപ്പൊരുളൈ അറിന്തുരൈക്കും പെരിയോർ തമ്മൈ
ഇറയവനെന്റു കരുതിയേ ഇയമ്പാലാമേ
നഞ്ചണിന്താൻ മുകന്താനൈന്തുമെങ്കെ?
ജ്ഞാനക്കൺ മട്ടക്കൺ മുന്റുമെങ്കെ?
അഞ്ചു ഉയിർതനൈകൊടുക്കും എമന്താനെങ്കെ?
ആയിരക്കൺ ഇന്തിരനാർ താനുമെങ്കെ?
പഞ്ചറിവായി നിറൈപരാചത്തിയെങ്കെ?
പതിനാലുലോകമെനുമതുതാനെങ്കെ?
പഞ്ചമറുപൊരുളുറിന്തു ചൊൽവാരാകിൽ
വണങ്കി കുരുവരനെന്റു വാൾത്തലാമേ

## അടുക്കുനിലെ പോതകപിരിവ്

അടികുയ്യം മുടിയാണൈനടു അനാകതത്തിൻസ്ഥാനം
അറുചുവൈയും ഒളിത്തയിടം ആമാശയം താൻ
വടിവാനഐന്തുതലൈ മാണിക്കം കണ്ണ്
വരൈയാന ഊമൈയനും എഴുത്ത് ഓങ്കാരം
ഇടയാകൈ ആടിനിൽക്കും പാതം മൂച്ച്
ഇച്ചൈയുടൻ പേശി നിന്റ എഴുത്തു ആതാരം
അടവായി പൊരുളറിന്തു ചൊന്നേൻ ഉശ്ചൈ
അടിപണിന്തു കുരുവെന്റു നമ്പുവായേ
സർക്കുരുവും ചന്നിതിയും നെറ്റിയാകും
ചാകാതൈകാൽ തനഞ്ജയൻ വേകാതതലൈതാൻപിത്ത്
മുപ്പൊരുളും ഒരു പൊരുളായിനിന്റതു അനാകത്തൻതാൻ
മുനൈകുയ്യം അടിതൊപ്പിൾ തലൈബ്രഹ്മനാകും

നർക്കമലത്തായിരത്തെട്ടിതൾ താൻ അപ്പുസ്ഥാനം
നാലുകൈ ഒരു പാതം ബ്രഹ്മപീഠം
ഇപ്പൊരുളൈയറിന്തുരൈത്തേൻ പെരിയോർമുന്നൈ
ഇനി എനക്കും പരിശുമണി അണിന്തിടായേ
നഞ്ചണിന്തോൻമുകന്താനഞ്ചും പഞ്ചാക്ഷരം താൻ
ജ്ഞാനക്കൺ ഉയിർകണ്ണും മറ്റെക്കൺകാണും കണ്ണും
അഞ്ചുയിർതനൈയെടുക്കും യമനേആകും
ആയിരക്കൺ ഇന്തിരനാർ ലിംകപീഠം
പഞ്ചറിവായി നിന്റപരാചത്തി അമൃതു തന്നിൽ
പതിനാലുലോകമതു കെർപപ്പെയ്യാം
പഞ്ചമറപ്പൊരുളറിന്തു ചൊന്നേൻ ഉൺമൈ
വരിശൈപണി ഇന്നതെന്റു വകുക്കലാമേ

# സ്ഥാണുരവിയുടെ കാലം



ഇളംകുളം കുഞ്ഞൻപിള്ള

*(തുടർച്ച)*

ചേരശബ്ദത്തിന്റെ സംസ്കൃതരൂപമായിരിക്കണം കേരളം. അതുകൊണ്ട് കേരളവംശം എന്നതിന് ചേരവംശം എന്നാണർത്ഥമെന്നും കേരളൻ എന്ന രാജാവിനാൽ സ്ഥാപിതമായ വംശം എന്നല്ലെന്നും ഊഹിക്കുന്നതാണ് ഉത്തമം. അല്ലെങ്കിൽ കുലശേഖര ബിരുദത്തിന് ഉപപത്തി കല്പിക്കുവാൻ മാർഗമില്ല. ഒരു പക്ഷേ ആദിചേരന്മാരുടെ വംശപരമ്പരയിൽ പെട്ടവർ തന്നെയായിരിക്കാം, കുലശേഖരന്മാരും.

കുലശേഖരന്മാർ സൂര്യവംശജരും മക്കത്തായികളുമായിരുന്നു.

*"പുത്ര: ശ്രീരവിവർമ്മ ദേവ നൃപതേർ*
*ദീപ്താംശുവംശോഭിതഃ*
*പ്രാസാദേധികൃതേ മഹോദയപുരേ*
*തത്രാപി സേനാമുഖേ*
*മേര്യാം വിംശതി താഢീതാ സുഘടികാ*
*സ്വാവിർബഭുവാഥകീം*
*ലഗ്നം മേഷദശാംശകേ സവിതരീ*
*പ്രാച്യാം ദിശി ക്ഷ്മാപതേ."*

ഇത്യാദിഭാഗങ്ങളിൽ ഈ വസ്തുത സൂചിപ്പിക്കുന്നുണ്ട്. രാമദേവൻ എന്ന് ഒരു രാജകുമാരനെപ്പറ്റിയും.

*"..........................രിപു മഥനം*
*കർത്തു കാമേന രാജ്ഞാ*
*ചാമൈവാർത്താം വിദിതാരവികലപതിനം*
*രാമദേവേനലഗ്നം"*




ഇത്യാദിഭാഗങ്ങളിൽ നിന്നു മനസ്സിലാക്കാം ഈ രാമവർമ്മയാണ് വാസുഭട്ടതിരിയുടെ കാലത്ത് കേരളം വാണിരുന്നതെന്ന് ഞാൻ ഊഹിക്കുന്നു. രാമവർമ്മയുടെ ചില ശാസനങ്ങളും കണ്ടുകിട്ടിയിട്ടുണ്ട്.

തലസ്ഥാനമായ മഹോദയപുരം ചോളരുമായി പിൽക്കാലത്തുണ്ടായ യുദ്ധത്തിൽ നശിപ്പിക്കപ്പെടുന്നതുവരെ തെക്കേ ഇൻഡ്യയിലെ ഏറ്റവും വലിയ പട്ടണമായിരുന്നു. ശാസനങ്ങളിൽ മകോതൈ എന്നാണ് സാധാരണ കാണുന്നത്. കൊടുങ്ങല്ലൂർ, തിരുവഞ്ചിക്കുളം, കോട്ടയ്ക്കകം, സേനാമുഖം, ബാലക്രീഡേശ്വരം ഗോത്രമല്ലേശ്വരം തുടങ്ങി പല പട്ടണങ്ങളും ഈ വലിയ നഗരത്തിൽ ഉൾപ്പെട്ടിരുന്നു. ജ്യോതിഷം ഇക്കാലത്തു വളരെ അഭിവൃദ്ധിയെ പ്രാപിച്ചിരുന്നുവെന്നും, ആര്യഭടന്റെ മാർഗമാണ് പിന്തുടർന്നിരുന്നതെന്നും ശങ്കരനാരായണീയത്തിൽനിന്നു മനസ്സിലാക്കാം. ജ്യോതിഷപരമായ പര്യവേഷണങ്ങൾക്കായി ചക്രവർത്തിയുടെ പ്രത്യേകമായ മേൽനോട്ടത്തിൽ നടത്തപ്പെട്ടുവന്ന ഒരു നക്ഷത്രബംഗ്ലാവും അവിടെ ഉണ്ടായിരുന്നു.

*"ഗോളാന്മഹോദയപുരേരവിവിർമ്മദേവ*
*സംബന്ധിയന്ത്രിവലയാങ്കിതരാശിചക്രാത്*
*ഭാനേഃ കുളിര ദശഭാർഗഗതേ തുല്യാന്ത്യം*
*ലഗ്നം മയാ വിദിതമാശു വാദഹകാലം"*

*"ശ്രീ മന്മഹോദയപുരേകുലശേഖരേണ*
*കുർത്തും സദാം കുശലശില്പിഭിരദ്യാരാജ്ഞാ*
*ആജ്ഞാപ്തമാ ശുസമമണ്ഡചരൂഢസ്മര്യ-*
*ച്ഛായാവശാൽ കഥയ ശക്രജലേശസൂത്രം"*

*"സുരപതി ദിശിദൃഷ്ടം ഗോളയന്ത്രം ദ്വിലഗ്നം*
*ഘനപടലനിരുസേ ഭാസ്കരേ സിംഹരാശൌ*
*ഗരുവതി ദശഭാഗാംശ്ചം പരാശൃർദ്ധയാതം*
*വദഝടിതി രവേസ്ത്വം നിത്യകർമ്മോക്തകാലം"*

എന്നിങ്ങനെ പല സൂചനകളും മേൽ പറയപ്പെട്ട ഗ്രന്ഥത്തിൽ കാണുന്നുണ്ട്. രവിവർമ്മ ആ നക്ഷത്രബംഗ്ലാവിൽ കൂടുതലായി ഏതോ യന്ത്രവലയങ്ങൾ സ്ഥാപിച്ചതുകൊണ്ടായിരിക്കാം നക്ഷത്രബംഗ്ലാവിന്റെ ഒരു ഭാഗത്തിന് രവിവർമ്മ യന്ത്രവലയം എന്നു പേരു കൊടുത്തിരുന്നത്. സ്ഥാണുരവി തന്നെ ജ്യോതിഷത്തിൽ സമർത്ഥനായിരുന്നുവെന്നു ശങ്കരനാരായണനോടു ചോദിക്കുന്ന ചോദ്യങ്ങളിൽ നിന്നും വ്യക്തമാണല്ലോ. ജനങ്ങൾക്കു കൃത്യമായി സമയം അറിയാൻ വേണ്ടി നഗരത്തിന്റെ നാനാഭാഗങ്ങളിലും ഓരോ നാഴിക ഇടവിട്ട് മണി അടിക്കുക പതിവായിരുന്നു. പത്തു നാഴിക പുലരുമ്പോൾ - പത്തു പ്രാവശ്യം, പതിനൊന്നു നാഴിക പുലരുമ്പോൾ പതിനൊന്നു

പ്രാവശ്യം – എന്നിങ്ങനെയാണ് അടിച്ചുവന്നത്. “ബാലക്രീഡേശ്വര സ്ഥൈരധികൃത ഘടികാസ്തോഢിതം”, വിശേതിതാഢിതാസുഘടികാസു’ ഇത്യാദി ഭാഗങ്ങളിൽ ഈ സംഗതി സൂചിപ്പിച്ചിട്ടുണ്ട്.

സ്ഥാണുരവി തുടങ്ങിയ കുലശേഖരന്മാരുടെ കാലത്ത് കേരളം പല നാടുകളായി ഭാഗിച്ചിരുന്നു. നാഞ്ചിനാട് പാണ്ഡ്യരുടെ കൈവശവും അതിനു വടക്കു തിരുവനന്തപുരം വരെയുള്ള ദേശങ്ങൾ ആയ് രാജാക്കന്മാരുടെ ഭരണത്തിൽ കീഴിലുമായിരുന്നു. കൊല്ലം, കൊട്ടാരക്കര, ചിറയിൻകീഴ് ഈ താലൂക്കുകളിൽ പെട്ട സ്ഥലങ്ങൾക്കാണ് അന്നു വേണാടെന്നു പറഞ്ഞുവന്നിരുന്നത്. വേണാടിനു വടക്ക് ഓടനാടും, അതിനു വടക്കു കിഴക്കുമാറി തിരുവല്ല, ചങ്ങനാശ്ശേരി എന്നീ പ്രദേശങ്ങൾ ഉൾപ്പെട്ട നൻറുഴൈനാടും അതിനു വടക്കു കോട്ടയം പ്രദേശം ഉൾപ്പെട്ട മുഞ്ഞുനാടും സ്ഥിതിചെയ്തിരുന്നു. മുഞ്ഞു നാട്ടിനു വടക്കായിരുന്നു വെമ്പൊലിനാടും, കീഴ്മലൈ നാടും. വെമ്പൊലിനാടു തെക്കുംകൂറെന്നും വടക്കുംകൂറെന്നും രണ്ടായി പിരിഞ്ഞത് 300–ാമാണ്ടോടു കൂടി മാത്രമാണ്. അപ്പോഴേക്കും മുഞ്ഞുനാടും നൻറുഴൈനാടും മറ്റു വിഭാഗങ്ങളിൽ ലയിക്കയും ചെയ്തു. വെമ്പൊലിനാടിനു കിഴക്കായിരുന്നു കീഴ്മലൈനാട്. ഇത് 8–ാം ശതകത്തിൽ വടക്കുംകൂറിൽ ലയിച്ചു. ഇതിനു വടക്കു കാൽക്കരൈനാടു (തൃക്കാക്കര പ്രദേശങ്ങൾ) നെടുംപുറൈയൂർ നാട് (പാലക്കാട്), വള്ളുവനാട് (ഇത് രണ്ടാം ശതകത്തിന്റെ ഉത്തരാർദ്ധം മുതലേ ഉള്ളൂവെന്നു തോന്നുന്നു), ഏറനാട്, പോളനാട്, പുറൈകൊഴിനാട് (വടക്കൻ കോട്ടയം), കോലം എന്നിങ്ങനെ പല നാടുകളും ഉണ്ടായിരുന്നു. അവയെല്ലാം പ്രത്യേകം പ്രത്യേകം നാടുവാഴികളാൽ ഭരിക്കപ്പെട്ടുവന്നു. ഈ നാടുവാഴികളെല്ലാം കുലശേഖരന്മാരുടെ സാമന്തന്മാരായിരുന്നുവെന്നു ശാസനങ്ങളിൽ നിന്നു സ്പഷ്ടമായി ഗ്രഹിക്കാം. ‘നാടുവാഴുമവർ’ ‘തിരുവടികൾ’ ‘നായർ’ എന്നെല്ലാമല്ലാതെ, ചക്രവർത്തി എന്നർത്ഥമായ ‘പെരുമാൾ’ എന്ന പദം അവരാരും പേരിനോടു ചേർത്തു ഉപയോഗിച്ചിട്ടില്ല. സ്വതന്ത്രരാജാവ് എന്നർത്ഥമായ ‘കോ’ എന്ന പദവും ഉപയോഗിക്കുക പതിവുണ്ടായിരുന്നില്ലെന്നാണു തോന്നുന്നത്. രാജപ്രതിനിധിയായ കോയിലധികാരികൾ എന്ന പ്രധാന ഉദ്യോഗസ്ഥനിലും താഴ്ന്ന നിലയേ അവർക്കുണ്ടായിരുന്നുള്ളൂ. പെരുന്ന ക്ഷേത്രത്തിൽ പിഴയൊടുക്കുന്നതിനെപ്പറ്റി പറയുന്ന ഭാഗം ഒരു ശാസനത്തിൽനിന്ന് ഇവിടെ ഉദ്ധരിക്കാം. ‘കോയിലതികാരിക്കു നൂറ്റുക്കഴൈഞ്ഞും നാടുവാഴുമവർക്കു അയ്മ്പതിൻ ങ്കഴൈഞ്ഞും വാഴ്ക്കൈ വാഴുമവർക്കു പന്തിരുക്കഴൈഞ്ഞും പൊൻതണ്ടാപ്പടക്കടവർ’, കോയിലധികാരിക്ക് 100 കഴഞ്ച്, നാടുവാഴിക്ക് 50 കഴിഞ്ചു, വാഴ്കൈവാഴി അതായത് ദേശവാഴിക്ക് 12 കഴഞ്ച് ഇങ്ങനെയാണ് പിഴ വിധിക്കുന്നത്. മറ്റു പല ശാസനങ്ങളിലും ഇതേ രീതി തന്നെ കാണാൻ കഴിയും. ചക്രവർത്തിയുടെ പേർ കൂടി ഉണ്ടെങ്കിൽ കോയിലധികാരിയുടെ ഇരട്ടിയാണ് അദ്ദേഹത്തിനു കൊടുക്കേണ്ടതായി കല്പിക്കാറുള്ളത്. നാടുവാഴികളെ നിയന്ത്രിക്കുന്നതിന് നാടുതോറും ‘മുന്നൂറ്റുവർ’ മുതലായ കൂട്ടങ്ങളും ഉണ്ടായിരുന്നു. പ്രധാന കാര്യങ്ങൾ കോയിലധികാരികളുടെ ആജ്ഞാനുസരണമാണ് നാടുവാഴികൾ നടത്തിവന്നത്.

1122 ചിങ്ങം 31–ലെ മലയാളരാജ്യത്തിൽ പ്രസിദ്ധം ചെയ്തിരുന്നത്. ഗോപിനാഥറാവുവിന്റെ അഭിപ്രായം സംഗ്രഹിച്ചിരുന്നത് ഉപേക്ഷിച്ചിട്ട്, 1946–ൽ പാറ്റ്നയിൽ വച്ചുകൂടിയ ഇന്ത്യൻ ഹിസ്റ്ററി കാൺഗ്രസിൽ ഈ വിഷയത്തെപ്പറ്റി വായിച്ച പ്രബന്ധത്തിൽനിന്ന് ചില ഭാഗങ്ങൾ കൂടി തർജ്ജമ ചെയ്തുചേർത്തിട്ടുണ്ട്. ശങ്കരനാരായണീയം ഇപ്പോൾ മാനുസ്ക്രിപ്റ്റു ലൈബ്രറിയിൽ നിന്നു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അവതാരികയിൽ എന്റെ അഭിപ്രായങ്ങൾ ഉദ്ധരിക്കുമ്പോൾ ക്രിസ്തു 9–ാം ശതകത്തിൽ ഗുരുവും ശനിയും കൂടി എ.ഡി. 869ൽ മാത്രമേ ഒന്നിച്ചു ധനരാശിയിൽ വരുന്നുള്ളൂ എന്ന് ഞാൻ പറഞ്ഞിട്ടുള്ളതായി എന്റെ സ്നേഹിതൻ ഡാക്ടർ പി.കേ പറയുന്നതിൽ ചെറിയ ഒരു പിശകുള്ളത് ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. കൊല്ലം ഒന്നാം ശതകത്തിൽ 44 ൽ മാത്രമേ ഒന്നിച്ചു വരികയുള്ളൂ എന്നാണ് ഞാൻ പറഞ്ഞിട്ടുള്ളത്. ക്രിസ്തു 9–ാം ശതകം എന്നു പറയുമ്പോൾ 869–ൽ മാത്രമല്ല 809ലും അവ ഒന്നിച്ചുവരാം. വ്യാഴം 12 വർഷത്തിലും ശനി 30 വർഷത്തിലും ഒരു ചുറ്റു വരുമെന്നുള്ളതുകൊണ്ട് 12 ന്റേയും 30ന്റേയും ല സാ ഗു ആയ 60 വർഷത്തിൽ ഒരിക്കൽ അവ ഒന്നിക്കും. കൊല്ലം 44ൽ ഒന്നിച്ചു വരുന്നതുകൊണ്ട് 60 വർഷം മുമ്പും 60 വർഷം പിമ്പും ആ ഗ്രഹങ്ങൾ ഒന്നിക്കുന്നത് കൊല്ലം ഒന്നാം ശതകത്തിലാകയില്ല. ഒരു കാര്യം കൂടി ‘ചന്ദ്രരന്ധ്രമുനി’ എന്ന ശതാബ്ദത്തിൽ ആണു ഗ്രന്ഥം എഴുതിത്തുടങ്ങുന്നതെന്ന് ഊഹിക്കത്തക്കവണ്ണം ഒരു സൂചനയുണ്ട്. അത് കയ്യെഴുത്തുകാപ്പി വായിച്ചപ്പോൾ എന്റെ ദൃഷ്ടിയിൽപെട്ടില്ല. ഡാക്ടർ പി. കെ. അവതാരികയിൽ ചൂണ്ടിക്കാണിച്ചതിൽ പിന്നീടേ എനിക്കു ഗ്രഹിക്കാൻ കഴിഞ്ഞുള്ളൂ. ചന്ദ്രരന്ധ്രമുനി എന്നാൽ 791 ആണ്. മുനി 7 രന്ധ്രം 9; ചന്ദ്രൻ 1. ശകവർഷം വിക്രമാബ്ദം, കലിവർഷം തുടങ്ങിയുള്ള എല്ലാ അബ്ദങ്ങളും ‘ഗത’മായിട്ടാണ് ഉപയോഗിക്കുന്നത്. ബംഗാളിൽ ചില സ്ഥലത്ത് ഉപയോഗിക്കുന്ന ഒരു വർഷവും – പേരിപ്പോൾ ഓർക്കുന്നില്ല – ക്രിസ്തുവർഷവും കൊല്ലവർഷവും മാത്രമേ നടപ്പൂ ‘വർഷങ്ങളായിട്ടുള്ള. അതുകൊണ്ട് എ.ഡി. 870–മാണ്ടാണ് ശങ്കരനാരായണീയം എഴുതി തുടങ്ങിയതെന്നു വിചാരിക്കാം. അതിനു മുമ്പല്ലെന്ന് ഏതായാലും സ്പഷ്ടമാണ്. ‘ശകാബ്ദം; പുനരിഹചന്ദ്രരന്ധ്രമുനി സംഖ്യയാ അസ്മാഭീരവഗതം’ എന്നീ വരിയെ ആസ്പദമാക്കി ഗ്രന്ഥനിർമ്മിതി ശകവർഷം 791–ൽ തന്നെയാണെന്നു തീർത്തു പറവാൻ സാധ്യമല്ലെങ്കിലും എഴുതിക്കൊണ്ടിരുന്ന വർഷം തന്നെയായിരിക്കും ഉദാഹരിക്കുന്നതെന്നൂഹിക്കുന്നത് യുക്തമാണ്.

*(തുടരും....)*

# അയ്യാവൈകുണ്ഠർ വിഷയത്തിൽ ആദ്യ പി.എച്ച്.ഡി എം.പി. ഹരികൃഷ്ണന്

സാമൂഹ്യപരിഷ്കർത്താവും ആത്മീയാചാര്യനുമായ അയ്യാവൈകുണ്ഠനാഥരെ അടിസ്ഥാനമാക്കി കേരളത്തിൽ നിന്നുള്ള ആദ്യ പി.എച്ച്.ഡി തൃശൂർ ജില്ലയിലെ ചേറൂർ ശിവാലയത്തിൽ എം.പി. ഹരികൃഷ്ണൻ നേടി. ഇംഗ്ലീഷിൽ ബിരുദാനന്തര ബിരുദം കരസ്ഥമാക്കിയ ഹരികൃഷ്ണൻ അയ്യാവൈകുണ്ഠർ വിഷയത്തിൽ ആകൃഷ്ടനായി ഈ രംഗം ഗവേഷണത്തിനായി തെരഞ്ഞെടുക്കുകയായിരുന്നു. കോഴിക്കോട് സർവ്വകലാശാലയ്ക്കു കീഴിലുള്ള തൃശൂർ സെന്റ് തോമസ് കോളേജായിരുന്നു ഗവേഷണ കേന്ദ്രം. സാമിത്തോപ്പുൾപ്പെടെ നിരവധി സ്ഥലങ്ങളിൽ അലഞ്ഞു നടന്ന് ഗവേഷണത്തിനാവശ്യമായ ഗ്രന്ഥങ്ങളും മറ്റു രേഖകളും സംഘടിപ്പിച്ചെടുക്കുന്നതിൽ ഹരികൃഷ്ണൻ കഠിനാധ്വാനം ചെയ്തു. അയ്യാവഴി വിപുലമാണെങ്കിലും ബൗദ്ധിക വിശകലനത്തിനാവശ്യമായ രേഖകളൊന്നും ഒരിടത്തും ശേഖരിക്കപ്പെടുകയോ ചിട്ടപ്പെടുത്തി വയ്ക്കുകയോ ചെയ്യപ്പെട്ടിട്ടില്ലെന്നു മനസ്സിലാക്കിയ ഈ ഗവേഷണ വിദ്യാർ ത്ഥി പല ഘട്ടങ്ങളി ലും നന്നേ കുഴങ്ങി. എന്നാൽ അദ്ദേഹത്തിന്റെ ഗൈഡായിരുന്ന ഡോ.കെ.പി. നന്ദകുമാറിന്റെ സ്നേഹനിർഭരമായ പിന്തുണ അദ്ദേഹത്തിന് വഴിവെളിച്ചമായി.



പുതിയ ഒരു ലോകത്തിന്റെ ഉദയവും നിലവിലുള്ള ലോകത്തിന്റെ പരിവർത്തനവും മനുഷ്യ നാഗരികതയോളം പഴക്കമുള്ള ആശയങ്ങളാണ്. കലാകാരന്മാരോ സാമൂഹ്യപ്രവർത്തകരോ ശാസ്ത്രജ്ഞന്മാരോ ആത്മീയവാദികളോ മനുഷ്യരുടെ ആന്തരിക ചോദന എന്തു തന്നെയായാലും മനുഷ്യസമൂഹം അറിഞ്ഞോ അറിയാതെയോ കാംക്ഷിക്കുകയും പ്രയത്നിക്കുകയും ചെയ്യുന്നത് ഒരു മെച്ചപ്പെട്ട ലോകത്തിനു വേണ്ടിയാണ്. ഇത് അനിഷേധ്യമായ ഒരു വസ്തുതയാണ്. മുതിർന്നവരുടെ ലോകത്തിലെ പ്രശ്നങ്ങൾ, പ്രത്യേകിച്ചു ആധുനിക കാലത്തിലുള്ളവയെ മനസ്സിലാക്കി തിരുത്താൻ കുട്ടികളുടെ കാല്പനിക സാഹിത്യത്തിന്റെ പുനർവായനകൾ കൊണ്ടു സാധിക്കും. ഇതുകൊണ്ട് പുസ്തകങ്ങളിൽ അടങ്ങിയിരിക്കുന്ന അടിച്ചമർത്തപ്പെട്ട ആശയങ്ങൾക്ക് പ്രാമുഖ്യം വന്നു ചേരുന്നു. ഓരോരോ സിദ്ധാന്തങ്ങളുടെ ചട്ടക്കൂടുകളുടെ നിയന്ത്രണങ്ങൾക്ക് അതീതമായി ലോകത്തിന്റെ സമ്പൂർണ്ണ പരിവർത്തനം എന്നത്, മനുഷ്യസമൂഹത്തിന്റെ നിറവേറാത്ത ആഗ്രഹമായി ഇപ്പോഴും അവശേഷിക്കുന്നു.




ഈ പഠനം, കാല്പനികതയുടെ അനേകം സിദ്ധാന്തങ്ങളെ പഠനവിധേയമാക്കി ജോൺ ക്ളൂട്ട് എന്ന സൈദ്ധാന്തികന്റെ 'ഗ്രാമർ ഓഫ് ഫാന്റസി' എന്നതിനെ വ്യാഖ്യാനത്തിന്റെ ഉപകരണമായി തെരഞ്ഞെടുത്തു. അബ്രഹാം മാർലോവ് എന്ന മനശാസ്ത്രജ്ഞന്റെ തിയറി ഓഫ് സെൽഫ് ആക്ചലൈസേഷൻ, പുറം ലോകവുമായി ബന്ധപ്പെട്ട് മനുഷ്യമനസ്സിന്റെ വികസനം സാധ്യമാകാൻ ആദ്ധ്യാത്മിക ജ്ഞാനശകലങ്ങളുടെ പങ്കിനെ വെളിവാക്കുന്നു. കാല്പനിക സാഹിത്യത്തിലെയും യഥാർത്ഥ ലോകത്തിലേയും ദുരിത നിവാരണം വരുത്താനുള്ള കഴിവ് Eucatastrophe എന്ന ആശയത്തിൽ അടങ്ങിയിരിക്കുന്നതായി കണ്ടെത്തിയിരിക്കുന്നു.

ആദ്ധ്യാത്മികങ്ങളും അതീതങ്ങളുമായ ജ്ഞാനശകലങ്ങളിൽ, സാമൂഹിക പരിവർത്തനം സാദ്ധ്യമാക്കാനുള്ള കഴിവ് അടങ്ങിയിരിക്കുന്നു. ഇത് ദുരിത നിവാരണ പ്രക്രിയയുടെ ഒരു ഉത്തമ ഉദാഹരണമാണ്. മാനുഷമായ പ്രാഥമിക ലോകത്തിന്റെയും ദ്വിതീയമായ കാല്പനിക ലോകത്തിന്റെയും സാമൂഹിക - ആദ്ധ്യാത്മിക പരിഷ്കരണം സമാന സവിശേഷതകൾ നിറഞ്ഞതാണ്. പുറം ലോകത്തിന്റെയും അകം ലോകത്തിന്റെയും പരിവർത്തനത്തിലൂടെ അത് സാധ്യമാവുകയുള്ളൂ.

ആദ്ധ്യാത്മിക ധാരകളിലൂടെയുള്ള സാമൂഹിക പരിഷ്കരണം വളരെ അപൂർവ്വമായേ 'നവലോകം' എന്ന ആശയം ഉയർ ത്തിക്കാണിക്കാറുള്ളൂ. അത്തരത്തിലുള്ള അപൂർവ്വമായ ഒരു ഉദാഹരണമായി വേറിട്ടു നിൽക്കുന്ന ഒരു ആശയ-കർമ്മ പദ്ധതിയാണ് അയ്യാവഴി എന്ന കർമ്മ പദ്ധതി. പിന്നീട് ദക്ഷിണ ഭാരതത്തിൽ രൂപം കൊണ്ട സാമൂഹിക പരിഷ്കരണ - നവോത്ഥാന പ്രസ്ഥാനങ്ങളുടെ ഉറവിടമായി നിലകൊള്ളുന്നു. സാമൂഹിക പരിഷ് കർത്താവും ആദ്ധ്യാത്മിക ഗുരുവുമായ അയ്യാ വൈകുണ്ഠരുടെ ദീർഘദർശനത്തിൽ അധിഷ്ഠിതമാണ് അയ്യാവഴി. അദ്ദേഹം തന്നെയാണ് ധർമ്മം എന്ന മൂല്യത്തെ 'താളെക്കിടപ്പാരെ തർക്കാപ്പതൈ തരുമം" (പതിതരെ ഉദ്ധരിച്ചു രക്ഷിക്കുന്നതാണ്

ധർമ്മം) എന്ന ആശയമായി പ്രകാശിപ്പിച്ചത്. സി.എസ്. ലൂയീസ് രണ്ടാം ലോക മഹായുദ്ധത്തിനുശേഷം ഇംഗ്ലണ്ടിൽ വെച്ചു രചിച്ച ഏഴ് ബാല കാല്പനിക കൃതികളുടെ സമാഹാരമാണ് The Chronicles of Narnia എന്നറിയപ്പെടുന്നത്. ഈ ഗവേഷണത്തിൽ The Chronicles of Narniaയെ പുനർവായിക്കുകയും അയ്യാവഴിയുടെ ആശയഗ്രന്ഥമാണ് അതെന്നു തിരിച്ചറിയുകയും ചെയ്യുന്നു. അതിനു മുന്നോടിയായി അനേകം തലങ്ങളിലുള്ള പ്രതീകാത്മകത, പ്രതൃയ ശാസ്ത്രം, ഐതീഹ്യവർണ്ണന, നേതാക്കളുടെ ജീവിതം, എന്നിങ്ങനെയുള്ള ഘടകങ്ങളെ ചിട്ടയായ അപഗ്രഥനത്തിനു വിധേയമാക്കിയിട്ടുണ്ട്. നിലവിലുള്ള ലോകത്തിന്റെ സമ്പൂർണ്ണ പരിവർത്തനം എന്നത്, ശുഭാപ്തി വിശ്വാസത്തോടെയുള്ള നിരന്തര പ്രവർത്തനം (Heterotopia) എന്ന ആശയത്തെ അനാവരണം ചെയ്യുന്നതാണ് ഈ പുനർവായന.

Narniaയുടെയും അയ്യാവഴിയുടെയും സാർവ്വലൗകികമായ സന്ദേശം അനേകം പുനർവ്യാഖ്യാനങ്ങൾക്കുള്ള സാധ്യതയെ സൃഷ്ടിക്കുന്നു, വികസിപ്പിക്കുന്നു. ഇത് ആസ്വദിക്കാൻ, ഉൾക്കൊള്ളാൻ വിസ്തൃതങ്ങളായ ജനസമൂഹങ്ങൾക്കു സാധിക്കും. അവരിൽ ഈശ്വരവിശ്വാസികൾക്കൊപ്പം, അവിശ്വാസികൾ, നിരീശ്വരവാദികൾ എല്ലാവരും ഉൾപ്പെടുന്നു. ബഹുമുഖ സ്വഭാവമുള്ള അയ്യാവഴി, ഗവേഷണത്തിന്റെ വൈവിധ്യ വ്യാഖ്യാനങ്ങൾക്കു കാരണമാകുന്നു. പ്രത്യേകിച്ച് സാഹിത്യകൃതി തന്നെ വൈവിധ്യ




വിഷയങ്ങൾ ഉൾക്കൊള്ളുന്നുമുണ്ട്. Narnian സമാഹാരങ്ങളെ അയ്യാവഴിയുടെ പ്രയോഗത്തിലൂടെ; സാമൂഹികം, മതാധിഷ്ഠിതം, രാഷ്ട്രീയം, സാമ്പത്തികം തുടങ്ങിയവയിലെ അപചയങ്ങളെ അപഗ്രഥിക്കുന്നു. വൈവിധ്യമാർന്നതും സർവ്വാശ്ലേഷിയുമായ ഗ്രന്ഥവും അപഗ്രഥനോപകരണം എന്നിവയും ഗാർഹിക പീഡനം, ലൈംഗിക വിവേചനം, മനുഷ്യക്കടത്ത്, തീവ്രവാദം, പരിസ്ഥിതിനാശം മുതലായ സമകാലികങ്ങളായ പ്രതിസന്ധികളുടെ അപഗ്രഥനത്തിനു സഹായിക്കുന്നു. ഈ പഠനസമീപനം, സാമൂഹിക-ആദ്ധ്യാത്മിക പരിഷ്കരണം എന്ന ആവശ്യത്തിനു മുകളിൽ വെളിച്ചം വീശുന്നു. തദ്വാരാ മനുഷ്യരുടെ തന്നെ മാദ്ധ്യമത്തിലൂടെ അവരിൽ നിക്ഷിപ്തമായ ഉത്തരവാദിത്ത്വത്തിലൂടെ പൂർത്തീകരിക്കേണ്ട ദീർഘദർശനമാണ് :"ഏകലോകം, ഏകയുഗം, ഏക മൊഴി, ഏക ജാതി, ഏക മതം, ഏക സമൂഹം, ഏക ഭരണം".

വിദ്യാഭ്യാസപരമായി ശക്തമായ കുടുംബപശ്ചാത്തലമാണ് ഡോ.എം.പി. ഹരികൃഷ്ണന്റേത്. എറണാകുളം സെന്റ് ആൽബർട്ട്സ് കോളേജിൽ ഗണിത വിഭാഗം മേധാവിയായിരുന്ന എം.കെ. പുഷ്പാകരന്റേയും തൃശൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് രസതന്ത്രവിഭാഗം മേധാവി എം.എസ്. ശാന്തകുമാരിയുടെയും പുത്രനാണ് ഇദ്ദേഹം. *



# നാടാർ പാരമ്പര്യ പഴഞ്ചൊല്ലുകൾ



വിവർത്തനം
**സി. സ്വയംഭു**

സമ്പാദക
എം. സെബാസ്റ്റിനാൾ മാസ്റ്റർലി

1. ഉള്ളം തീ എരിയ; ഉതട് പളം ചൊരിയ
2. ഉള്ളതൈ കൊണ്ട് ഒപ്പേറ്റ്
3. ഉള്ളതൈ ചൊന്നാൽ പൊല്ലാതവൻ
4. ഉള്ളതൈ ചൊല്ല ഊരുമില്ലൈ, നല്ലതൈ ചെയ്യ നാടുമില്ലൈ
5. ഉള്ളൂർ മാട്ടുക്ക് വിലൈയില്ലൈ
6. ഉറങ്കി കിടന്തവനൈ എളുപ്പി
   'ചോറില്ലൈ; പടുത്തുക്കൊൾ' – എന്റാണാം
7. ഉറിയിൽ വെണ്ണൈ ഇറുക്ക, നെയ്ക് അലയ് വാനേൻ
8. ഉൻ തുരുത്തിയ്യൈ മട്ടും പൂത്
9. ഉൻ നാക്കിലെ വസമ്പ് ഉറൈത്ത് പോടവേണ്ടും
10. ഉനൈ പെറ്റതുക്ക് പകരം, ഒരു തെന്നംപിള്ളയ്യൈ പെറ്റിരിക്കലാം
11. ഉൻ വാക്കും പീതൈത്തെ ചാക്കും
12. ഊണും ഒറക്കവും ഒത്താർക്ക് ഒത്തപടി
13. ഊൺ വീട്ടിലൈ, ഉറക്കം ശിങ്കാരതോപ്പിലൈ
14. ഊതൈത്തെ പോക കുളിത്തവനുമില്ലൈ
    പശി പോക ഉണ്ടുവനുമില്ലൈ
15. ഊമൈയൻ ഇരുക്കിറ ഇടത്തിലേ
    വിക്കൻ താനൈ ചട്ടമ്പി

## വരിസംഖ്യ അയച്ചുതരണം

സുഷുപ്തി മാസിക മുടങ്ങാതെ പ്രസിദ്ധീകരിക്കുന്നതിന് വമ്പിച്ച സാമ്പത്തിക ബാധ്യതയുണ്ടെന്നറിയാമല്ലോ. മാന്യവായനക്കാർ വരിസംഖ്യ അയച്ചു തന്ന് സഹകരിക്കണമെന്നഭ്യർത്ഥിക്കുന്നു. നിങ്ങളുടെ പോസ്റ്റാഫീസിൽ നിന്നും മണിയോർഡറായി അയക്കാവുന്നതാണ്. അല്ലാത്ത പക്ഷം സുഷുപ്തിയുടെ ബാങ്ക് അക്കൗണ്ടിലേക്കും അയക്കാം.

പേര് : സുഷുപ്തി മാസിക
അക്കൗണ്ട് നമ്പർ : 62269144219
ബാങ്ക് : സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ
ബ്രാഞ്ച് : പുത്തൻചന്ത IFSC SBIN0070026

ഒറ്റപ്രതി – 5 രൂപ
ത്രൈവാർഷികം – 250 രൂപ

Vol.16 No. 09, October 2021
Date of Publication: 06-10-2021
Govt. Media List No. G.O.(P) No. 10/2016/I&PR

SUSHUPTHI MONTHLY
PRICE: Rs 5/-

KL/TV(N)/WPP/209/2019-21
Licensed to Post without Pre - Payment
KL/TV(N)/574/2019-2021
Reg. No. 36072/81

# തിരുവിതാംകൂർ മാന്വലിൽ നിന്ന്
# നാടാർ ആര്? നാഗമയ്യ എഴുതുന്നു.

എ.എസ്.ഷെൽട്ടൻ ജോർജ്ജ്

നാടാർ ജനത വ്യത്യസ്തങ്ങളായ മൂന്നു വിഭാഗങ്ങളായി പിരിക്കപ്പെട്ടിരിക്കുന്നു. ഷാനാർ, നാട്ടാത്തി ഷാനാർ, വിരാലി ഷാനാർ എന്നിങ്ങനെ. ഈ വിഭാഗങ്ങൾ തമ്മിൽ വിവാഹബന്ധമുണ്ടായിരുന്നില്ല. നാട്ടാത്തി വിഭാഗത്തിന്റെ ഉത്ഭവം എവിടെയാണെന്നതിന് വ്യക്തമായ രേഖകളില്ല. ഇവരുടെ ശരിയായ പേര് നാട്ടാട്ടാർ എന്നാണെന്ന് ചിലർ വാദിക്കുന്നു. മുഖ്യനദിക്കരയുടെ സ്വന്തക്കാർ എന്ന അർത്ഥത്തിലാണ് ഈ പേര് വന്നതെന്ന് കരുതുന്നു. ധാർമ്മികവും സാമൂഹ്യവുമായ കുറ്റങ്ങൾക്ക് സമുദായത്തിൽനിന്നും കാലാകാലങ്ങളിൽ പുറത്താക്കപ്പെട്ടവരുടെ കൂട്ടായ്മയാണ് വിരാലി ഷാന്നാർ. ഈത്തനാട്, ഇല്ലം, കര, കറുകുമട്ട, കാവര, കിരിയ, മുട്ടനാടാർ, തിരുപ്പാപ്പൂർ തുടങ്ങിയ ഉപവിഭാഗങ്ങൾ നാടാർക്കിടയിൽ ഉണ്ടായിരുന്നതായി 1901–ലെ തിരുവിതാംകൂർ സെൻസസ് പറയുന്നു. കറുകുമട്ട എന്ന പ്രയോഗം തെറ്റായിരിക്കാമെന്നും പടയാളികളായി സേവനമനുഷ്ഠിച്ചവർ എന്ന അർത്ഥത്തിൽ കറുകുപ്പട്ടയ എന്നായിരിക്കാമെന്നും സംശയിക്കുന്നു.



പ്രായപൂർത്തിയായ ശേഷം മാത്രമേ നാടാർ സമുദായത്തിൽ വിവാഹങ്ങൾ നടക്കാറുള്ളൂ. എന്നാൽ ബാലവിവാഹങ്ങളും വിരളമായി ഉണ്ടായിരുന്നു. അച്ഛന്റെ സഹോദരിയുടെ മകൾ (മുറപ്പെണ്ണ്) നാടാർ യുവാവിന്റെ അവകാശമായിരുന്നു. മാമന്റെ മകനെ വിവാഹം കഴിക്കുന്നത് സാധാരണമായിരുന്നെങ്കിലും ഇതൊരവകാശമായിരുന്നില്ല. മറ്റു ബന്ധങ്ങളൊന്നും വിവാഹത്തിനെടുത്തിരുന്നില്ല.

അതിപുരാതനകാലം മുതൽ നാടാർ സമുദായത്തിൽ ബഹുഭാര്യാത്വം അംഗീകരിച്ചിരുന്നില്ല. ഭാര്യ ജീവിച്ചിരിക്കുകയോ വ്യവസ്ഥപ്രകാരം ബന്ധം വേർപ്പെടുത്താതെ ഒരാൾ പുനർവിവാഹം നടത്തുകയോ ചെയ്താൽ അയാളെ ഭ്യഷ്ട് കൽപ്പിച്ച് പുറത്താക്കും. ഈ കുടുംബം സ്വാഭാവികമായി വിരാലി വിഭാഗത്തിലാകും. എന്നാൽ, അടുത്ത കാലത്തായി ഈ രീതിയ്ക്ക് മാറ്റമുണ്ടാകുന്നുണ്ട്. വിധവാവിവാഹവും നിലവിലുണ്ടായിരുന്നില്ല. വ്യഭിചാരകുറ്റം ബോധ്യമായാൽ വിവാഹബന്ധം വേർപെടുത്തും. എന്നാൽ ആ സ്ത്രീക്ക് പുനർവിവാഹം അനുവദിച്ചിരുന്നില്ല. നാടാർ കുലത്തിൽ ശക്തമായ നിലയിൽ മക്കത്തായ ക്രമമാണ് നിലനിന്നത്.

ഇവർക്കിടയിൽ ശൈവാരാധന പ്രബലമായിരുന്നു. എന്നാൽ, ഒരു സാധാരണ ഷാനാർ കുടുംബത്തിൽ അവരുടെ വീടിന്റെ തെക്കേമുറി ദൈവാരാധനയ്ക്കായി മാറ്റയിരുന്നു. ഈ മുറി പവിത്രമായി കരുതിയിരുന്നു. ഇവിടെ വിഗ്രഹങ്ങൾ ഉണ്ടായിരുന്നില്ല. കുടുംബത്തിലെ മുതിർന്ന അംഗത്തിനു മാത്രമേ ഈ മുറിയിൽ പ്രവേശനമുണ്ടായിരുന്നുള്ളൂ. ഇതിൽനിന്നും വീട്ടിലെ മുതിർന്ന അംഗം കുടുംബപുരോഹിതൻ കൂടിയായിരുന്നു എന്ന് അനുമാനിക്കാം. പരേതരായ ആത്മാക്കൾക്ക് ഫലങ്ങൾ, ഇഷ്ടഭക്ഷണങ്ങൾ, പൂക്കൾ തുടങ്ങിയവ ഈ മുറിയിൽ വഴിപാട് കഴിക്കുമായിരുന്നു. തിരുവിതാംകൂറിൽ വൈഷ്ണവ ഷാനാരും ഉണ്ടായിരുന്നു. ഇവരെ പെരുമാൾ വഴിക്കാർ എന്ന് അറിയപ്പെട്ടിരുന്നു. ഷാനാരിൽ ഒരു വിഭാഗം ഭദ്രകാളി, ഗണപതി, സുബ്രഹ്മണ്യൻ എന്നിവരെ കുലദൈവമായി ആരാധിച്ചിരുന്നു. എന്നാൽ മൃഗബലിയോടെ നടത്തിയിരുന്ന ഭൂതാരാധനയാണ് ഏറ്റവും പ്രബലമായത്. ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തവരിൽ പോലും ഈ സ്വാധീനം ദൃശ്യമാണ്.



ഷാനാർമാർ ഭൂരിഭാഗവും മൃതശരീരങ്ങൾ അടക്കം ചെയ്യുകയാണ് പതിവ്. എന്നാൽ ദഹിപ്പിക്കുന്ന രീതി അവലംബിച്ചവരും ഉണ്ടായിരുന്നു. മരിച്ചവരെ അടക്കം ചെയ്യുമ്പോൾ തല തെക്കോട്ടും കാലുകൾ വടക്കോട്ടുമായിട്ടായിരിക്കും ക്രമീകരിക്കുക. വലിയ കുടുംബങ്ങളിൽ പ്രബലരായിട്ടുള്ളവർ മരണപ്പെടുമ്പോൾ കിഴക്കോട്ട് നോക്കി ഇരുത്തി അടക്കം ചെയ്യാറുമുണ്ട്. അടക്കമായാലും ദഹിപ്പിക്കലായാലും ഇവർ തങ്ങളുടെ സ്വന്തം പുരയിടത്തിൽ മാത്രമേ നടത്തുകയുള്ളൂ. കുടുംബ ശ്മശാനങ്ങളും നിലനിന്നിരുന്നു. ഷാനാർ ജാതിക്കാർക്ക് മാത്രമുള്ള ചടങ്ങുകൾ ചെയ്യുന്നതിന് പ്രത്യേക വിഭാഗമുണ്ടായിരുന്നു. ഇവരെ അയ്യർ അല്ലെങ്കിൽ അയ്യർ പണ്ടാരങ്ങൾ (പിന്നീട് കാവതി) എന്നു വിളിച്ചിരുന്നു. ഷാനാർ ജനതയ്ക്കിടയിൽ ഇപ്പോൾ മതപരമായ ചടങ്ങുകൾ കുറഞ്ഞുവരുന്നു.



"Palmyra Tree Climber," from Samuel Mateer, *Native Life in Travancore* (London: W. H. Allen & Co., 1883).

പനകയറ്റവും കരുപ്പട്ടി നിർമ്മാണവും ഷാനാരിൽ ഒരു വിഭാഗത്തിന്റെ പരമ്പരാഗത തൊഴിലായിരുന്നു. പന കയറി അക്കാനി ഉത്പാദിപ്പിച്ച്, ശേഖരിച്ച് കൊണ്ടിറങ്ങുക എന്നത് ഏറെ ശ്രമകരമായ അധ്വാനമാണ്. അരിവാൾ പെട്ടി, ചുണ്ണാമ്പ് പെട്ടി, കടിപ്പ്, കലക്കുമട്ട, കുടുവ, മുരുക്കുത്തടി എന്നിവ ഈ ജോലിക്ക് അവശ്യം വേണ്ടുന്ന ഉപകരണങ്ങളാണ്. കുടുവ എന്നത് പനയോല കൊണ്ടുണ്ടാക്കിയ ഒരുത്തുതമാണ്. ഒരു തുള്ളി അക്കാനി പോലും ചോർന്നുപോകാതെ ഏഴ് ലിറ്റർ വരെ കൊണ്ടിറങ്ങാൻ കഴിയും. കൃഷി, കച്ചവടം, വൈദ്യചികിത്സ തുടങ്ങിയ രംഗങ്ങളിലും ഷാനാർ ജനത ഏർപ്പെട്ടിരുന്നു. *

Edited, Printed, Published & Owned by A.S. Ahimohanan; Printed at Chackala Printers for Aradhika Printers,Gandhari Amman Kovil Road Thiruvananthapuram, Published from Dinakairali Bhavan, Mob:9349808720. Kunnampuram, Thiruvananthapuram-1, Kerala